Week:4

# Weekly Devotion - June 2018

## <u>Perfect Heart (ഏകാഗ്ര ഹൃദയം)</u>

A heart that knows right from wrong and doesn’t hesitate to do good for others is called a perfect heart.




ഒരിക്കൽ ഒരു പിതാവ് തന്റെ മകന് ഇഷ്ടം പോലെ ഉപയോഗിക്കുവാൻ ഒരു വെള്ളി നാണയം കൊടുത്തു. കുറെ ദിവസങ്ങൾക്കുശേഷം ആ പണം എന്തു ചെയ്തു എന്ന് അറിവാൻ പിതാവ് മകനെ വിളിച്ചു. അതേ! പട്ടിണികിടക്കുന്ന, ആഹാരം വാങ്ങുവാൻ പണം ഇല്ലാത്ത ഒരുവന് നൽകി എന്ന് മകൻ പറഞ്ഞു. ആ പണം അയാൾ നിനക്ക് മടക്കിത്തരുകയില്ല എന്ന് പിതാവ് പറഞ്ഞു. ആ പണം ലഭിക്കുമെന്ന് ഞാനും കരുതുന്നില്ല. ആ പാവം മനുഷ്യന് നന്മ ചെയ്താൽ ദൈവം ആ പണം എനിക്ക് തരും. മകന്റെ വാക്കുകളിലെ ഉറച്ചവിശ്വാസവും, നന്മ ചെയ്യാനുള്ള മനസ്സും കണ്ടറിഞ്ഞ പിതാവ് ഒരു വെള്ളി നാണയം കൂടി അവനു നൽകി. കൊടുത്തത് കിട്ടുമെന്ന് അറിയാമായിരുന്നു. എന്നാൽ ഇത്രയും വേഗംതന്ന ദൈവത്തിന് അവൻ നന്ദി പറഞ്ഞു.

“A Perfect herat makes a perfect man”

ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു. ദൈവം അവനെ സമയമായപ്പോൾ എടുത്തു കൊണ്ടതിനാൽ കാണെതെയായി. (ഇതു പോലെ അറിയാത്ത നാഴികയിൽ കർത്താവ് വരുമ്പോൾ നാമും എടുക്കപ്പെടുവാൻ കഴിയുമെങ്കിൽ ഏകാഗ്ര ഹൃദയത്തോടെ ദൈവത്തോടുകൂടെ നടക്കാം.)

സൂക്ഷിക്കുക - warning

ഹൃദയത്തിന്റെ ഏകാഗ്രത നഷ്ടമാക്കുന്ന ഘടകങ്ങൾ

**1. ദുഷിച്ച സ്വാധീനം**

മനുഷ്യഹൃദയം കപടമുള്ളതാണ്. എന്നാൽ ക്രിസ്തു ഉള്ളിൽ വരുന്നവന് ഏകാഗ്രത ലഭിക്കുന്നു. അഭക്തമായുള്ള സമ്പർക്കം മൂലമുള്ള ദുഷിച്ച സ്വാധീനമാണ് നമ്മെ യഹോവയോടുള്ള ബന്ധത്തിന്റെ ഏകാഗ്ര നഷ്ടമാക്കുന്നത്. ഉദാഹരണമായി -

Read (1രാജ:11:3-8) ദാവീദിന്റെ ഹൃദയം പോലെ മകനായ ശലോമോന്റെ ഹൃദയം ഏകാഗ്രമായിരുന്നില്ല. അവന്റെ ഭാര്യമാരുടെ ദുഷിച്ച സ്വാധീനം ശലോമോന്റെ ഏകാഗ്രതഹൃദയം നഷ്ടപ്പെടുത്തി.

**2. യഹോവയെ അനുസരിക്കാത്തവർ**

യഹോവയെ അനുസരിക്കാത്തവർ അവന് അനിഷ്ടം തോന്നത്തക്കവിധത്തിൽ പ്രവർത്തിക്കുന്നു. ഇവരുടെ പേര് എവിടെ എഴുതുമെന്നും യഹോവ വലിയവൻ എന്നറിവാൻ “യഹോവ ഒന്ന് പഠിപ്പിക്കുമെന്നും വചനം വ്യക്തമാകുന്നു.

Read യിരെ :(16:12-13, 20- 21)

**3. പാപികളുടെ ഇരിപ്പടം ഉപേക്ഷിക്കണം.**

ലോകത്തിന്റെ ചൂട് നമ്മെ പാപത്തിൽ വീഴ്ത്തും, തീകയുന്നവരുടെ നടുവിൽ ഇരുന്നവന് മുന്നറിയിപ്പ് ലഭിച്ചിട്ടും പ്രയോജനമുണ്ടായില്ല എന്ന് മർക്കോ : (14:66-72) വരെയുള്ള വാക്യങ്ങൾ പഠിച്ചാൽ മനസ്സിലാകും. പത്രോസിന് തന്റെ ഏകാഗ്രഹൃദയം നഷ്ടമായത് പരിഹാസികളുടെ ഇരിപ്പടത്തിൽ ഇരുന്നതു മൂലമാണ്

ഓർക്കുക - യിരെ :(16:17-21,17:13) ൽ നിന്നും ഏകാഗ്രഹൃദയം അവഗണിക്കുന്ന വർക്ക് ശിക്ഷയുണ്ടെന്ന് കാണുന്നു.

## ഏകാഗ്രഹൃദയത്തിന്റെ പ്രത്യേകത

a) Searehable heart സങ്കീ:139:23,24)

ഈ വാക്യത്തിൽ നിന്നും യഹോവയാണ് നമ്മെ ശോധന ചെയ്യുന്നവൻ എന്ന് നാം അറിയുന്നു. ഈ പരിശോധകന്റെ മുമ്പാകെ നമ്മുക്ക് നമ്മെ കീഴ്പ്പെടുത്താം. പരി ശോധകൻ നമ്മുടെ പാപം കണ്ടെത്തി മുന്നറിയിപ്പ് നൽകുമ്പോൾ മറുതലക്കാതെ അംഗീകരിക്കണം അവൻ നമ്മെ ശാശ്വത മാർഗ്ഗത്തിൽ നടത്തും.

**b)ആശ്രയിക്കുന്ന ഹൃദയം**

ഞാൻ ദൈവത്തിലാശ്രയിക്കുന്നു (സങ്കീ:56:11) എന്ന് സങ്കീർത്തനക്കാരൻ പറയു മ്പോൾ അതിന്റെ കാരണങ്ങളും വ്യക്തമാക്കുന്നു.

1. വിഴുങ്ങുവാൻ തയാറായി ചുറ്റും നില്ക്കുന്ന ശത്രുക്കൾ
2. ഇവർ വാക്കുകൾ കോട്ടിക്കളഞ്ഞ് ഞെരുക്കുന്നവരാണ്
3. എന്റെ പ്രാണനായി പതിയിരിക്കുന്നവരാണ് ഈ ശത്രുക്കൾ.

Read സങ്കീ 56:1-6

ഈ ശത്രുക്കളിൽ നിന്നുള്ള ആപത്തുകൾ ഒഴിഞ്ഞു പോകുവോളം യഹോവയിലാശ്ര യിക്കും. എന്ന് പറയുമ്പോൾ തന്നെ "ഞാൻ യഹോവയിൽ ആശ്രയിക്കുന്നു മനുഷ്യന് എന്നോട് എന്തുചെയ്യുവാൻ കഴിയും" എന്ന് ധൈര്യത്തോടെ പ്രസ്താവിക്കുന്നു. ഈ ധൈര്യം നമ്മിലും ഉണ്ടാകണം.

**3.പശ്ചാത്താപ ഹൃദയം**

മുന്നറിയിപ്പ് ലഭിച്ചിട്ടും ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് യേശുവിന്റെ നോട്ട ത്തിൽ അതി ദു:ഖത്തോടെ കരഞ്ഞു എന്ന് ലൂക്കോ :(22:61) ൽ കാണുന്നു.

നാഥാൻ പ്രവാചകനാൽ യഹോവ തെറ്റ് മനസ്സിലാക്കിച്ചപ്പോൾ ദാവീദ് രാജാവ് ദൈവമേ തള്ളിക്കളയരുതേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നുമെടുക്ക രുതേ എന്ന് വിലപിച്ചു. (സങ്കീ:51:1,2,11,17)

**4. ആത്മാവ് നയിക്കുന്നു.**

ലോകത്തിന് കീഴ്പ്പെടാത്ത, യഹോവയെ അറിയുന്നവരെ സർവ്വകൃപാലുവായ ദൈവം യഥാസ്ഥാനപ്പെടത്തുന്നു.

Read ഗലാ :5:16-18, 24-25

ആത്മാവാൽ അവൻ നമ്മെ നടത്തുന്നു.

നടപ്പിൽ നിഷ്കളങ്കരായി യഹോവയോടുചേർന്നു നടക്കുവാൻ ദൈവം സഹായിക്കട്ടെ.

ഏകാഗ്ര ഹൃയത്തോടെ പ്രാർത്ഥിക്കുവാൻ ദൈവെ നമ്മെ സഹായിക്കട്ടെ.

*Santhamma Varghese*

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*